LIBRARY ARCHIVES Kerala Legislative Assembly

വയോജനങ്ങൾക്ക് മാനസികോല്ലാസത്തിന് പദ്ധതി

33 [2805] പ്രൊഫ. കെ. വി. തോമസ് :
ശ്രീ. ഇ. എം. അഗസ്തി :
,, ജി. പ്രതാപവർമ്മ തമ്പാൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയോജനങ്ങളുടെ മാനസികോല്ലാസത്തിനും നേരമ്പോക്കിനും വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും അവർക്ക് ഒന്നിച്ചുകൂടാനുള്ള സൗകര്യമൊരുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

30-9-2004-ലെ ജി.ഒ. (എംഎസ്.) 67/04/SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ തവന്നൂരിൽ "സ്നേഹതീരം" പദ്ധതി സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടു പോയ വയോജനങ്ങളായ ദമ്പതികൾക്ക് ശാന്തവും സുരക്ഷിതവുമായ അന്തരീക്ഷത്തിൽ താമസവും സംരക്ഷണവും ആരോഗ്യസേവനങ്ങളും മാനസികോല്ലാസവും നൽകി സന്തോഷപൂർണ്ണമായ ജീവിതം നൽകുവാൻ സാഹചര്യമൊരുക്കുകയാണ് സ്നേഹതീരം പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റിൽ 5% തുക വൃദ്ധർ, വികലാംഗർ, കുട്ടികൾ എന്നിവർക്കായി മാറ്റിവച്ചിട്ടുണ്ട്. ഈ വിഹിതം ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് വയോജനങ്ങളുടെ മാനസികോല്ലാസത്തിനും വിനോദത്തിനും വേണ്ടുന്ന പരിപാടികൾ നടപ്പിലാക്കാവുന്നതാണ്.

വനിതാ കമ്മീഷൻ തീർപ്പ് കല്പിച്ച പരാതികൾ

34 [2806] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വനിതാ കമ്മീഷൻ രൂപീകൃതമായതിനുശേഷം കമ്മീഷന് ആകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ പരാതികളുടെ സ്വഭാവമനുസരിച്ച് തരം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) ഇതിൽ എത്ര പരാതികൾക്ക് തീർപ്പുകൽപ്പിച്ചു;

(ഡി) ഇനി എത്ര കേസുകൾ തീർപ്പുകല്പിക്കുന്നതിനായി ബാക്കിയുണ്ട്?

ഉത്തരം

(എ) 22,588 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 13,578 പരാതികളിൽ തീർപ്പുകൽപ്പിക്കുകയും 3297 പരാതികൾ പരിഹരിക്കുവാനായി ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 5713 പരാതികൾ.

വികലാംഗ പെൻഷന് അപേക്ഷിക്കുമ്പോൾ ഹാജരാക്കേണ്ട രേഖകൾ

35 [2807] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗ പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ എന്തൊക്കെ രേഖകൾ ആണ് ഹാജരാക്കേണ്ടത്;

(ബി) വികലാംഗ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർ നിർബന്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വികലാംഗർക്ക് വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കാൻ മെഡിക്കൽ ബോർഡിൽ നിന്നും ഒരു സർട്ടിഫിക്കറ്റ് മാത്രമേ ലഭിക്കു എന്നിരിക്കെ, ഇത് പെൻഷനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മറ്റാവശ്യങ്ങൾക്ക് ഹാജരാക്കാൻ സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രയാസപ്പെടുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കാൻ പെൻഷന് അപേക്ഷിക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകിയാൽ മതിയെന്ന് നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

ഉത്തരം

(എ) വികലാംഗ പെൻഷൻ ലഭിക്കുന്നതിന് നിർദ്ദിഷ്ട ഫോറത്തിലുള്ള പൂരിപ്പിച്ച അപേക്ഷയുടെ രണ്ട് പ്രതികൾ, അപേക്ഷകന്റെ പ്രതിമാസ വരുമാനം 250 രൂപയ്ക്കു താഴെയും കുടുംബത്തിന്റെ പ്രതിമാസ വരുമാനം 500 രൂപയ്ക്ക് താഴെയുമാണെന്ന് തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകളാണ് ഹാജരാക്കേണ്ടത്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly